**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5800** — **08-11-2021 - ൽ മറുപടിയ്ക്ക്**

**കെ.പി.പി. നമ്പ്യാർ സ്മാരക ഇലക്ട്രോണിക് ഗവേഷണകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മാങ്ങാട്ട്പറമ്പ കെൽട്രോൺ കോംപൗണ്ടിൽ സ്ഥിതിചെയ്യുന്ന കെ.പി.പി. നമ്പ്യാർ സ്മാരകം വിപുലപ്പെടുത്തി ഇലക്ട്രോണിക്സ് റിസർച്ച് & ഡെവലപ്മെന്റ് സെന്ററാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ നിർമ്മിച്ചിരിക്കുന്ന "കെ. പി. പി. നമ്പ്യാർ സ്മാരകം" ഒരു ഇലക്ട്രോണിക്സ് ഗവേഷണ വികസന കേന്ദ്രമായാണ് [KPP Nambiar Electronics Research & Development Centre (KER & DC)] സ്ഥാപിച്ചിരിക്കുന്നത്. ഇതിനു വേണ്ടി സർക്കാർ ഗ്രാന്റ് ആയി നൽകിയ 2 കോടി രൂപ ഉപയോഗിച്ച് കെട്ടിടവും ആവശ്യമായ ഗവേഷണ ലാബുകളും ആദ്യ ഘട്ടത്തിൽ നിർമ്മിച്ചിട്ടുണ്ട്. ഇപ്രകാരം നിർമ്മിച്ച MATERIAL DEVELOPMENT CENTRE, ENGINEERING AND DESIGN CENTRE, ELECTRONICS TEST AND CALIBRATION LAB എന്നീ ഗവേഷണ ലാബുകളാണ് സ്മാരകത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്നത്. മൂന്ന് ഘട്ടമായാണ് കെ.പി.പി.നമ്പ്യാർ ഇലക്ട്രോണിക്സ് റിസർച്ച് & ഡെവലപ്മെന്റ് സെന്ററിന്റെ നിർ-മ്മാണം വിഭാവനം ചെയ്തിട്ടുള്ളത്. അതിൽ ആദ്യഘട്ടനിർമ്മാണം മാത്ര-മാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ ഇപ്പോൾ ഒറ്റനില കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്മാരകം മൂന്നുനില കെട്ടിടമായി വികസി-പ്പിക്കുവാനും കമ്പനിയുടെ സമഗ്ര-വികസനം ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരം 2030 ഓടുകൂടി കമ്പനിയിൽ ഉല്പാദനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സൂപ്പർ കപ്പാസിറ്റർ, SMD (SURFACE MOUNT COMPONENTS), ACTIVE COMPONENTS എന്നീ ഉല്പന്നങ്ങളുടെ ഗവേഷണ ലാബുകൾ തയ്യാറാ-ക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. 5 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന രണ്ടാംഘട്ട വിപുലീകരണത്തിനായുള്ള DPR കമ്പനി തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു മൂന്നാംഘട്ട വിപുലീകരണത്തിന്റെ ഭാഗമായി നിലവിലുള്ള കെട്ടിടത്തോട് ചേർന്നുള്ള 20 സെന്റ് |

| | | | |
|---|---|---|---|
| | | | സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിച്ച് മറ്റു ഗവേഷണ സൗകര്യങ്ങൾ ഒരുക്കുവാനാണ് ഉദ്ദേശി-ക്കുന്നത്. ഈ ഘട്ടത്തിൽ ഗവേഷണ ലാബുകളോടൊപ്പം AMPHI THEATRE (Seminar Hall), INCUBATION CENTRE, SKILL ACADEMY WORKSHOP എന്നിവയും നിർമ്മിക്കുവാൻ പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ